# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **03.11.2011 ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 7106**

## വായ്പയിന്മേലുള്ള ഇളവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) വായ്പയെടുത്ത സഹകാരികൾ മരണപ്പെട്ടാൽ ലോൺ തിരിച്ചടയ്ക്കുന്നതിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കുന്നുണ്ട്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ ടിയാളുടെ പേരിൽ മരണപ്പെടുന്ന ദിവസം ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഇളവനുവദിക്കുന്നതിനുള്ള പദ്ധതിയായ 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008' നിലവിലുണ്ട്. 2008 ഏപ്രിൽ 1 തീയതി മുതൽ പദ്ധതി പ്രാബല്യത്തിലുണ്ട്. കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ ചട്ടങ്ങൾ 13.11.2008 ലെ സ. ഉ (കൈ) നം. 249/2008/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എന്തെങ്കിലും ആശ്വാസ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള വായ്പാ സഹകരണ സംഘങ്ങളിലെ വായ്പാക്കാർക്ക് ആശ്വാസം നൽകുന്നതിനും സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനുമായി 'ആശ്വാസ് 2011' എന്ന പേരിൽ ഒരു കുടിശ്ശിക നിവാരണ പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിരുന്നു. 2011 ജൂലായ് 1 |

മുതൽ 2011 സെപ്റ്റംബർ 15 വരെയായിരുന്നു പദ്ധതിയുടെ കാലയളവ്. പദ്ധതി കാലയളവിൽ വായ്പകുടിശ്ശിക, തീർപ്പാക്കുന്നവർക്ക് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവ് നൽകിയിരുന്നു. മരണപ്പെട്ട വായ്പക്കാർ, മാരകമായ അസുഖബാധിതർ തുടങ്ങി പരിഗണന അർഹിക്കുന്നവർക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് 'ആശ്വാസ് 2011' പദ്ധതിയിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ആശ്വാസ് പദ്ധതി പ്രകാരം 73.13 കോടി രൂപയുടെ ഇളവുകൾ പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവയിലായി വായ്പക്കാർക്ക് അനുവദിച്ച് നൽകുകയും 1007.05 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) തിരുവനന്തപുരം ജില്ലയിൽ നിന്നും 12 പരാതിയും കോഴിക്കോട് ജില്ലയിൽ നിന്നും ഒരു പരാതിയും കൊല്ലം ജില്ലയിൽ നിന്നും 6 പരാതിയും ലഭിച്ചിരുന്നു. |
| (ഡി) പ്രസ്തുത ആശ്വാസ പദ്ധതി നടപ്പാക്കാത്ത സംഘങ്ങളുടെ പേരിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സർവീസ് സഹകരണ ബാങ്ക്, മലപ്പുറം ജില്ലയിലെ അബ്ദുറഹിമാൻ നഗർ സർവീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ ആശ്വാസ് പദ്ധതി നടപ്പാക്കുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും. ബഹുമാനപ്പെട്ട ഹൈക്കോടതി ടി രണ്ട് സംഘങ്ങളിൽ 'ആശ്വാസ് പദ്ധതി' സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകൾ ബാധകമാക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.